ശ്രീ. സി. കേശവൻ: ഇതേസംബന്ധിച്ചുള്ള വിശദവിവരങ്ങൾ ഞാൻ ഇതിനുമുൻപു പറഞ്ഞിട്ടുള്ളതാണു്. അതായതു് ഈ ബാക്കുവേഡ് കമ്യൂണിറ്റീസിൽ സൗജന്യം ആവശ്യപ്പെടുന്ന സമുദായങ്ങളെ സംബന്ധിച്ചും ഷെഡ്യൂൾഡ്കാസ്റ്റ്സിനെ സംബന്ധിച്ചും ട്രൈബ്സിനെസംബന്ധിച്ചും മറ്റും കോൺസ്റ്റിറ്റ്യൂഷൻ ഫസ്റ്റ്-ാം വകുപ്പു് നാലാം ഉപവകുപ്പിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾ അനുസരിച്ചു ചില സൗജന്യങ്ങൾ ചെയ്യുന്നതിനു് സ്റ്റേറ്റഗവൺമെൻറിനു് അധികാരമുള്ളതുകൊണ്ടു് അപ്രകാരം ചെയ്യുന്നതിലേക്കു് ഒരു കമ്മിറ്റിയെ ഈ ഗവൺമെൻറ് നിയമിച്ചിട്ടുണ്ടു്.

ശ്രീ. ഈപ്പൻ അറയ്ക്കൽ: ആ കമ്മിറ്റി എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു വല്ല നിർദ്ദേശവും കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: കൊടുത്തിട്ടില്ല.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവർ ഇതുവരെ എന്തുജോലി ചെയ്തു എന്നു പറയാമോ?

ശ്രീ. സി. കേശവൻ: അവർ സ്റ്റാറ്റിസ്റ്റിക്സ് നോക്കിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: അവർ എന്നു റിപ്പോർട്ടു സമർപ്പിക്കണമെന്നു നിർദ്ദേശം ഉണ്ടോ?

ശ്രീ. സി. കേശവൻ: ഇല്ല.

നേഴ്സിംഗ് പരിശീലനം

*൯൫. (൨൦) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവനന്തപുരത്തെ ജനറലാശുപത്രിയിൽ ഈ കൊല്ലം നേഴ്സിംഗ് പരിശീലനം നടത്തുന്ന വിദ്യാർത്ഥിനികൾ എത്ര; കോഴ്സു് എത്ര കൊല്ലമാണു്;

(ബി) ഓരോരുത്തർക്കും എത്ര സംഖ്യ പ്രതിമാസം സ്റ്റൈപ്പെൻറായി കൊടുത്തുവരുന്നുണ്ടു്;

(സി) എറണാകുളം ജനറലാശുപത്രിയിൽ എത്രപേരെ നേഴ്സിംഗ് കോഴ്സിനു തെരഞ്ഞെടുത്തിട്ടുണ്ടു്; കോഴ്സു് എത്രകൊല്ലം നീണ്ടുനിൽക്കും; അവർക്കു പ്രതിമാസം വല്ല സ്റ്റൈപ്പെൻറും കൊടുക്കുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്; മുൻകാലങ്ങളിൽ അവർക്കു് സ്റ്റൈപ്പെൻറ് ലഭിച്ചിരുന്നോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) തുകെ ൪൫ വിദ്യാർത്ഥിനികൾ ഉണ്ടു്. അവരിൽ ൨൫ പേരുടെ കോഴ്സു് മൂന്നാമത്തെ കൊല്ലവും ബാക്കി ആദ്യത്തെ കൊല്ലം പഠിക്കുന്നവരുമാണു്.

(ബി) അവർക്കു് ൩൫ രൂപാ സ്റ്റൈപ്പെൻറും ൯ രൂപാ ഡോബി അലവൻസും കൊടുക്കുന്നുണ്ടു്.

(സി) ൨൫ പേരെ തെരഞ്ഞെടുത്തിട്ടുണ്ടു്. അതിൽ ൨൦ പേർ മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവരും ബാക്കിയുള്ളവർ ആദ്യത്തെ കൊല്ലത്തിലും പഠിക്കുന്നവരുമാകുന്നു. അവരുടെ കോഴ്സു് ൪ കൊല്ലം ഉണ്ടായിരിക്കുന്നതാണു്. മൂന്നാമത്തെ കൊല്ലത്തിൽ പഠിക്കുന്നവർക്കു് തുകെ ൪൫ രൂപാ വീതം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നുണ്ട്. ഒ ഠ ശ്രപാ സ്റ്റൈപ്പെൻഡും ഒ ശ്രപാ ഡോബി അലവൻസും ഒ ഠ ശ്രപാ ഡീയർനസ്സ് അലവൻസും കൊടുക്കുന്നുണ്ട്. കൊച്ചിയിൽ സ്റ്റൈപ്പെൻഡ് കൊടുത്തും കൊടുക്കാതേയും പഠിപ്പിക്കുന്ന എട്ടുപ്പാടുണ്ടായിരുന്നു. ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവക്ക് സ്റ്റൈപ്പെൻഡ് കൊടുക്കുന്നില്ല. കൊച്ചി വിഭാഗത്തിൽ ഈയാണ്ടിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ് നൽകുന്നതല്ലെന്നുള്ള വ്യവസ്ഥയിലാണ് എറണാകുളത്തു് ക്ലാസ്സ് അനുവദിച്ചതു്.

ശ്രീ. അലക്സാണ്ടർ വാകയിൽ : തിരുവനന്തപുരത്തു ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പെൻഡ് കൊടുക്കുന്നതും എറണാകുളത്തു ആദ്യത്തെ കൊല്ലത്തിൽ പഠിക്കുന്നവക്ക് സ്റ്റൈപ്പെൻഡ് കൊടുക്കാതിരിക്കുന്നതും അനീതിയല്ലേ ?

ശ്രീ. സി. കേശവൻ : തിരുവനന്തപുരത്തുമാത്രമെ ക്ലാസ്സ് തുടങ്ങാൻ ഈയാണ്ടത്തെ ബഡ്ജറ്റിൽ പ്രൊവിഷൻ ഉള്ളൂ. അതനുസരിച്ചു ഇവിടെ കൊടുത്തുവരുന്നു. എന്നാൽ കൊച്ചിയിൽനിന്നും സ്റ്റൈപ്പെൻഡ് കൂടാതെ പഠിക്കാമെന്നുള്ള അപേക്ഷകൾ വന്നതനുസരിച്ചു അങ്ങനെയുള്ള പ്രത്യേക വ്യവസ്ഥയിൽ ക്ലാസ്സ് തുടങ്ങിയതുകൊണ്ടു ഇപ്പോൾ സ്റ്റൈപ്പെൻഡ് കൊടുക്കുന്നില്ല.

ശ്രീ. എം. വക്കി : എറണാകുളത്തു എടുത്തിരിക്കുന്ന കുട്ടികൾക്ക് അവരുടെ ധനസ്ഥിതി അനുസരിച്ചു അതിനുള്ള കഴിവു ഇല്ലെന്നറിയാമോ ?

ശ്രീ. സി. കേശവൻ : അവിടെനിന്നും വന്ന അപേക്ഷകൾ ക്രിസ്ത്യൻ സാമ്പനങ്ങളിൽനിന്നുമാണ് കൂടുതലായിട്ടുള്ളതു്. അവരിൽ കുട്ടികളുടെ ചെലവു യാതൊന്നും ഗവൺമെൻറിൽനിന്നും വഹിക്കേണ്ടതില്ലെന്നു പറഞ്ഞിട്ടുണ്ടായിരുന്നു. അതനുസരിച്ചാണ് ഗവൺമെൻറ് ക്ലാസ്സ് അനുവദിച്ചതു്.

ശ്രീ. സി. വി. ഇയ്യു : നൺസ്സ് അല്ലാത്തവക്കും പണം കൊടുത്തു പഠിക്കാൻ നിവൃത്തിയില്ലാത്തവക്കും പഠിക്കുന്നതിലേക്കുവേണ്ടി തിരുവനന്തപുരത്തു സ്റ്റൈപ്പെൻറോടുകൂടി പഠിക്കുന്ന വിദ്യാർത്ഥിനികൾക്ക് പകുതിപേക്ക് അവിടെ സ്റ്റൈപ്പൻഡ് കൊടുക്കുകയും പകുതിപേക്ക് എറണാകുളത്തു പഠിക്കുന്നവക്കും കൊടുത്തു തിരുവിതാംകൂർ–കൊച്ചി എന്നുള്ള ഒരു വിഭാഗീയമനസ്ഥിതി ഇല്ലാതാക്കരുതേ ?

Mr. Speaker : It is a suggestion for action, and is disallowed.

ശ്രീ. എ. പി. ഉദയഭാനു : തിരുവനന്തപുരത്തു നടത്തുന്ന നേഴ്സസ്സ് സ്കൂളിലും കൊച്ചിവിഭാഗത്തുള്ള വിദ്യാർത്ഥിനികൾ പഠിക്കുന്നില്ലേ ?

ശ്രീ. സി. കേശവൻ : ഈ സെലക്ഷൻ നടത്തിയതു് അഡ്വർടൈസ് ചെയ്തതിനുശേഷമാണു്. അതുകൊണ്ടു് ഉണ്ടായിരിക്കാം. അതു തിരുവിതാംകൂറിലേക്കു മാത്രമല്ല തിരുവിതാംകൂർ–കൊച്ചി സംസ്ഥാനത്തെ ആവശ്യത്തിലേക്കാണു്.

എലക്ട്രിക്ക് ലൈൻ

*൯൩. (൨൩) ശ്രീ. അലക്സാണ്ടർ വാകയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വടക്കൻ പറവൂർ പട്ടണത്തിൻറെ തെക്കുഭാഗത്തുനിന്നു കോട്ടുവള്ളിവഴി വരാപ്പുഴയ്ക്കു് എലക്ട്രിക്ക് ലൈൻ നീട്ടുന്നതിനു് എത്ര സംഖ്യയാണു് കൊള്ളിച്ചിരിക്കുന്നതു്;

LIBRARY ARCHIVES Kerala Legislative Assembly